**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഗാർഹിക പീഡനത്തെ തുടർന്നുള്ള ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിനെതിരായി കേരളാ പോലീസ് ബോധപൂർവ്വമായി ഇടപെടുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഗൗരവം കണക്കിലെടുത്തുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സ്ത്രീകൾക്ക് നീതി നടപ്പിലാക്കേണ്ട പോലീസിന്റെ അനാസ്ഥ കാരണം ആത്മഹത്യ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കൂടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഗാർഹിക പീഡനത്തിനെ തുടർന്ന് പയ്യന്നൂരിലെ സുനീഷ എന്ന പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഗാർഹിക പീഡനത്തെത്തുടർന്ന് പയ്യന്നൂരിലെ സുനീഷ എന്ന പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ പോലീസിന്റെ ഭാഗത്തു നിന്നും വീഴ്ച വന്നതായി കാണുന്നില്ല. |
| (ഡി) | സുനീഷയുടെ ഭർത്താവും കുടുംബവും സുനീഷയെ കടുത്ത ഗാർഹിക പീഡനത്തിന് ഇടയാക്കുന്നുവെന്ന് സുനീഷയുടെ അമ്മ പയ്യന്നൂർ പോലീസിൽ പരാതി നൽകിയിരുന്നോ; | (ഡി) | പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച് പരാതി നൽകിയിരുന്നു. |
| (ഇ) | പ്രസ്തുത പരാതിയെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്ന് എന്ന് വിശദമാക്കാമോ? | (ഇ) | പരാതിയുടെ അടിസ്ഥാനത്തിൽ സുനീഷ നേരിട്ട് പോലീസ് സ്റ്റേഷനിൽ ഹാജരായിരുന്നു. എന്നാൽ, ഭർത്താവിനെതിരെ പീഡന പരാതി ഉന്നയിച്ചിരുന്നില്ല എന്നും, ഭർത്താവിന്റെ രക്ഷിതാക്കൾ ചിലപ്പോൾ വഴക്കുപറയാറുണ്ടെന്ന് അറിയിക്കുകയാണ് ഉണ്ടായതെന്നും പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഷെൽറ്റർ ഹോമിൽ താൽക്കാലിക സൗകര്യമൊരുക്കാമെന്ന് പോലീസ് നിർദ്ദേശിച്ചെങ്കിലും അവർ അതും നിരസിക്കുകയാണ് ഉണ്ടായതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ